**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം - ഏറിയാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.കെ. തവരാജിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - സർക്കാർ ഉത്തരവ് പുന:പരിശോധിച്ച് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2928/2017/തസ്വഭവ  തീയതി, തിരുവനന്തപുരം, 25.08.2017

===============================================================

പരാമർശം: 1. സ.ഉ. (സാധാ) നം.1458/2011/തസ്വഭവ തീയതി 17.06.2011

2. ബഹു. കേരള ഹൈക്കോടതിയുടെ 31.08.2015-ലെ CRL 2245/2006 നമ്പർ കേസിന്മേലുള്ള വിധിന്യായം

3. ശ്രീ. കെ.കെ. തവരാജ് സമർപ്പിച്ച 01.11.2015-ലെ അപേക്ഷ

4. പഞ്ചായത്ത് ഡയറക്ടറുടെ 13.01.2016-ലെ ഡി7-40754/15 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

ഏറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ.കെ. തവരാജിനെതിരെ വിജിലൻസ് രജിസ്റ്റർ ചെയ്ത വിസി.4/2001 (സിസി/30/2002) കേസിൽ ബഹു. തൃശ്ശൂർ വിജിലൻസ് കോടതി ടിയാന് 3 വർഷം കഠിനതടവും 25,000/- രൂപ പിഴയും ശിക്ഷ നൽകി 31.10.2006-ന് വിധിന്യായം പുറപ്പെടുവിച്ചു. ടിയാൻ 31.12.2001-ന് സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കെ.എസ്.ആർ പാർട്ട് 3 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് നിശ്ചയിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കുകയുണ്ടായി.

തൃശ്ശൂർ വിജിലൻസ് കോടതിയുടെ വിധിന്യായത്തിനെതിരെ ശ്രീ. കെ.കെ. തവരാജ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത പരാമർശം (2) വിധിന്യായത്തിൽ വിജിലൻസ് കോടതിയുടെ ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവാകുകയുമുണ്ടായി. വിജിലൻസ് കോടതി വിധിയ്ക്കെതിരെ ഫയൽ ചെയ്ത ക്രിമിനൽ അപ്പീലിന്മേലുള്ള വിധിന്യായത്തിൽ ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവായ സാഹചര്യത്തിൽ പ്രതിമാസ പെൻഷനിൽ നിന്നും 2 വർഷമായി ഈടാക്കിയ 4,800/- രൂപ തിരികെ നൽകണമെന്ന് ടിയാൻ പരാമർശം (3) പ്രകാരം അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. തൃശ്ശൂർ വിജിലൻസ് കോടതിയുടെ വിധിന്യായത്തിനെതിരെ ശ്രീ. കെ.കെ. തവരാജ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത പരാമർശം (2) വിധിന്യായത്തിൽ വിജിലൻസ് കോടതിയുടെ ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവായ സാഹചര്യത്തിൽ പ്രതിമാസ പെൻഷനിൽ നിന്നും 2 വർഷമായി ഈടാക്കിയ 4,800/- രൂപ തിരികെ നൽകണമെന്ന ടിയാന്റെ പരാമർശം (3) അപേക്ഷ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.കെ. തവരാജിനെതിരെ അച്ചടക്ക

നടപടിയുടെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ് വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് നിശ്ചയിച്ച് തീർപ്പാക്കിയ പരാമർശം (1) ഉത്തരവ് പുന:പരിശോധിച്ച് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ,**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. കെ. കെ. തവരാജ്, മുൻ സെക്രട്ടറി, ഏറിയാട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. ധനകാര്യ വകുപ്പ് (20.05.2016-ലെ യു.ഒ. റിമാർക്ക് നം.WW1/74/2016-Fin പ്രകാരം)
8. നിയമ വകുപ്പ് (09.08.2017-ലെ യു.ഒ. റിമാർക്ക് നം.14944/ഡി3/17/നിയമം പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.59/ഇപിബി3/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ